# ശാരീരിക വൈകല്യം: മാറേണ്ട മനോഭാവങ്ങൾ

ഇക്കാക്കാ... ഏങ്ങോട്ടാ? – വീടിനു മുമ്പിൽ റോഡരികിൽ വീൽചെയറിൽ ഇരിക്കുന്ന കുട്ടാപ്പി പോകുന്നവരോടൊക്കെ നീട്ടിവിളിച്ച് ചോദിക്കും.

ഇരുപത് വയസ്സിലേറെയായി അവന്. ജന്മനാ കൈകാലുകൾക്ക് സ്വാധീനം നഷ്ടപ്പെട്ടു. ബുദ്ധിമാന്ദ്യവുമുണ്ട്. നിത്യവൃത്തിക്ക് വകയില്ലാത്ത കുടുംബം. കൂലിപ്പണിക്കാരായ ഉമ്മയും ബാപ്പയും.

എന്നാലും കുട്ടാപ്പിയുടെ മനസ്സിൽ ആ സങ്കടം തളംകെട്ടി നില്ക്കുന്നുണ്ട്.

''ചെറുപ്പത്തിൽ എന്നെ ചികിത്സിച്ചിരുന്നുവെങ്കിൽ ഞാൻ ഇങ്ങനെയാവുകയില്ലായിരുന്നു.''

ശാരീരിക വൈകല്യമനുഭവിക്കുന്നവർ സമൂഹത്തിൽ അധികരിച്ചുവരുന്നു. അന്ധർ, കേൾവിയില്ലാത്തവർ, മന്ദബുദ്ധികൾ, സംസാരശേഷി നഷ്ടപ്പെട്ടവർ, അസ്ഥിവൈകല്യമനുഭവിക്കുന്നവർ എന്നിങ്ങനെ വിവിധ തരം വൈകല്യങ്ങളാണ് സമൂഹത്തിലുള്ളത്. സാമ്പത്തിക ശേഷി കുറഞ്ഞവർക്കിടയിലെ വൈകല്യമുള്ളവരാണ് സമൂഹമധ്യത്തിൽ പ്രത്യക്ഷപ്പെടുന്നതെങ്കിൽ തിരശ്ശീലക്കു മറവിൽ ശാരീരിക വൈകല്യമനുഭവിക്കുന്നവർ സാമ്പത്തിക മുന്നാക്കക്കാരിൽ ഗണ്യമായ തോതിലുണ്ടെന്നത് ഒരു വസ്തുതയാകുന്നു. അവരെക്കുറിച്ച് പുറംലോകമറിയുന്നില്ലെന്ന് മാത്രം.

വൈകല്യമുള്ളവരനുഭവിക്കുന്ന ജീവിതവൈഷമ്യം വിവരണാതീതമാകുന്നു. സമൂഹം വെച്ചുപുലർത്തുന്ന മനോഭാവത്തിന്റെ തീക്ഷ്ണത വൈകല്യനൊമ്പരങ്ങൾ അധികരിപ്പിക്കുകയാണ് ചെയ്യുന്നത്. മനുഷ്യർക്കിടയിൽ സകലരും വൈകല്യത്തിന്റെ വൈവിധ്യത്തിനുടമകളാകുന്നു. ഒന്നാംകിട ബുദ്ധിമാന്മാർ കായികപ്രകടനത്തിൽ പിന്നാക്കക്കാരായിരിക്കും. ശാരീരിക വൈകല്യമുള്ളവർ ഇതര മേഖലകളിൽ പ്രതിഭകളായിരിക്കും. അവരെപ്പോലെ നന്നായി പാടാനോ വരയ്ക്കാനോ ശാരീരിക വൈകല്യമില്ലാത്ത പലർക്കും കഴിയാറില്ല. ഇതും ഒരു വൈകല്യമായി തിരിച്ചറിഞ്ഞാൽ ശാരീരിക വൈകല്യമനുഭവിക്കുന്നവരോടുള്ള സാമൂഹിക മനോഭാവം മാറുക തന്നെ ചെയ്യും.

### വികലതയും ഇസ്‌ലാമും

ഭൂമിയിൽ പീഡനമനുഭവിക്കുന്നവർ, മർദിതർ, അനാഥർ, വിധവകൾ തുടങ്ങിയവരുടെ ഗണത്തിൽ തന്നെയാണ് ശാരീരികവൈകല്യമുള്ളവരുടെ സ്ഥാനം. ശാരീരിക വൈകല്യമുള്ളവരോടു മാത്രം അനുവർത്തിക്കേണ്ട ഒരു പ്രത്യേക പെരുമാറ്റ രീതി മതം പഠിപ്പിക്കുന്നില്ല. സമൂഹത്തിലെ പ്രത്യേക പരിഗണനയർഹിക്കുന്ന ദുർബലവിഭാഗത്തോടനുവർത്തിക്കേണ്ട സമീപനം ശാരീരിക വൈകല്യമുള്ളവരുടെ കാലത്തിലും ബാധകമാണെന്നത്രെ ഇസ്‌ലാമിന്റെ ഭാഷ്യം. ഇത്തരക്കാരോടെല്ലാം സമൂഹം അനുകമ്പ പുലർത്തുന്നവരാകുന്നു. അമിതാനുകമ്പ അവശരെ ശാക്തീകരിക്കുന്നതിനു പകരം അവരുടെ ദൗർബല്യം അധികരിപ്പിക്കുകയോ നിലനിർത്തു

കയോ ചെയ്യാൻ നിമിത്തമായിത്തീരും. അതുകൊണ്ട് തന്നെ അവരുടെ ഉന്നമനത്തിനുവേണ്ടി ക്രിയാത്മകമായ പദ്ധതികളാവിഷ്കരിക്കുന്നതിനാണ് ഇസ്‌ലാം നിർദേശിക്കുന്നത്. മതം ഇതിന് മാതൃകയും കാണിച്ചു. മന്ദബുദ്ധിയടക്കമുള്ള ശാരീരിക വൈകല്യങ്ങൾ കൊണ്ട് ബുദ്ധിപരമായി പിന്നാക്കം നില്ക്കുന്നവരുണ്ട്. ഇവർക്കും ജീവിക്കണം. ജീവിത നിലനില്പിന് സമ്പത്ത് അവശ്യഘടകമാകുന്നു. എന്നാൽ ഇത്തരക്കാർക്ക് സമ്പത്ത് കൈകാര്യം ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് അവരുടെ സമ്പത്ത് വിവേകമുള്ളവർ കൈകാര്യം ചെയ്യണമെന്നും വിവേകം കൈവരിച്ചശേഷം മാത്രമേ അവരെ തിരിച്ചേല്പിക്കാൻ പാടുള്ളൂവെന്നും ഖുർആൻ നിർദേശിക്കുന്നു: ''അല്ലാഹു നിങ്ങളുടെ നിലനില്പിനുള്ള മാർഗമായി നിശ്ചയിച്ചുതന്നിട്ടുള്ള നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾ വിവേകമില്ലാത്തവർക്ക് കൈവിട്ടുകൊടുക്കരുത്. എന്നാൽ അതിൽ നിന്ന് നിങ്ങൾ അവർക്ക് ഉപജീവനവും വസ്ത്രവും നല്കുകയും അവരോട് മര്യാദയുള്ള വാക്ക് പറയുകയും ചെയ്യുക.'' (4:5)

വൈകല്യമുള്ളവരെയും സമൂഹത്തിന്റെ ഭാഗമായി ഗണിക്കുന്ന ഇസ്‌ലാം അവർക്ക് തുല്യാവകാശങ്ങളും തുല്യനീതിയും വകവെച്ചുകൊടുത്തുകൊണ്ട് അവരുടെ അവസരസമത്വം ഉറപ്പുവരുത്തുന്നുണ്ട്. ഭൂമിയിൽ ലഭ്യമാവുന്ന ഏറ്റവും ശ്രേഷ്ഠകരമായ പദവിയാകുന്നു അല്ലാഹു നല്കുന്ന പ്രവാചകത്വ പദവി. പ്രവാചകത്വം നല്കുന്നതിന് ശാരീരിക വൈകല്യം ഒരു വിഘാതമായി അല്ലാഹു കണ്ടിട്ടില്ല. സംസാരവൈകല്യം കൊണ്ട് പ്രയാസമനുഭവിച്ച വ്യക്തിയായിരുന്നു മൂസാ നബി(അ). എന്നിട്ടും അല്ലാഹു അദ്ദേഹത്തിന് പ്രവാചകത്വം നല്കി ആദരിച്ചു. യഅ്ഖൂബ് നബി(അ)ക്ക് കാഴ്ചകൾ നഷ്ടപ്പെട്ട് അന്ധതയ്ക്കടിപ്പെട്ടപ്പോഴും അദ്ദേഹം പ്രവാചകനായി തുടർന്നു.

അവഗണനയോടു കൂടി വൈകല്യമുള്ളവരെ പാർശ്വവല്കരിക്കുന്നതിനെ കുറ്റകരമായ സമീപനമായി മതം വിലയിരുത്തുന്നു. പ്രവാചകൻ ഏതാനും ഖുറൈശീ പ്രമുഖരുമായി മതകാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. സമൂഹത്തിലെ ഉന്നതരും കുലീനരുമാണവർ. മതമാശ്ലേഷിച്ചിട്ടില്ലാത്ത അവർക്ക് മതകാര്യങ്ങൾ ബോധ്യപ്പെടുത്തുകയാണദ്ദേഹം. സദസ്സിലേക്ക് അന്ധനായ സ്വഹാബി പ്രമുഖൻ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം കയറി വന്നു. അദ്ദേഹം സദസ്സിലുള്ളവരെ കാണുന്നില്ല. അവരാരെന്ന് അറിയുകയുമില്ല. ''പ്രവാചകരേ, എനിക്ക് മതകാര്യങ്ങൾ പറഞ്ഞുതന്നാലും'' -അദ്ദേഹം ആവശ്യപ്പെട്ടു. പക്ഷെ, പ്രവാചകൻ അദ്ദേഹത്തെ പരിഗണിച്ചില്ല. മറ്റൊന്നുകൊണ്ടുമല്ല, അദ്ദേഹം ഇഷ്ടാനുയായി ആണല്ലോ. ആഗതർ പോയ ശേഷം അദ്ദേഹത്തോട് സംസാരിക്കാമെന്ന് പ്രവാചകൻ കരുതി. പക്ഷെ, അല്ലാഹു ഈ സമീപനം വിശുദ്ധവചനങ്ങളിലൂടെ തിരുത്തി (80:1-10). അവഗണനയുടെ നേരിയ മനോഭാവം പോലും പ്രത്യേക പരിഗണനയർഹിക്കുന്ന അവശജനത്തോട് പുലർത്തരുതെന്ന സന്ദേശമാകുന്നു പ്രവാചകനെ തിരുത്തിക്കൊണ്ട് ഖുർആൻ പഠിപ്പിക്കുന്നത്. ''മനുഷ്യരോട് കരുണ കാണിക്കാ'മനുഷ്യരോട് കരുണ കാണിക്കാത്തവരോട് അല്ലാഹുവും കരുണ കാണിക്കുകയില്ല'' (ബുഖാരി) എന്ന പ്രവാചക വചനവും ഇതോടൊപ്പം നാം ചേർത്തുവായിക്കേണ്ടിയിരിക്കുന്നു.

## സൃഷ്ടിപ്പിൽ

## മാറ്റം വരുത്തുകയോ?

വൈകല്യം ദൈവവിധിയാണെന്നും ദൈവം നല്കിയ സൃഷ്ടിപ്പിൽ മാറ്റം വരുത്താൻ പാടില്ലെന്നുമുള്ള ഒറ്റപ്പെട്ട അന്ധവിശ്വാസം പുലർത്തുന്നവരുണ്ട്. 'മുച്ചിറി' ചികിത്സയ്ക്കു വിധേയമാക്കിയാൽ ദൈവകോപമുണ്ടാവുമെന്ന വിശ്വാസം ഈ ഗണത്തിൽ പെട്ടതാവുന്നു. ഈ ധാരണയ്ക്ക് മതം കൂട്ടുനില്ക്കുന്നില്ലെന്നു മാത്രമല്ല, വൈകല്യം വരാൻ നിമിത്തമാവുന്ന മനുഷ്യബന്ധങ്ങൾക്ക് വിലക്കേർപ്പെടുത്തുകയും ചെയ്തു. രക്തബന്ധമുള്ളവർ പരസ്പരം വിവാഹിതരാവുന്നതിനെ ഇസ്‌ലാം വിലക്കുന്നു. ഇത്തരം വിവാഹങ്ങൾ വികലജന്മങ്ങൾക്ക് നിമിത്തമാകുമെന്ന ആധുനിക വൈദ്യശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ നാം ചേർത്തുവായിക്കുക. മതത്തിന്റെ വിലക്കുകൾ ലംഘിച്ചുകൊണ്ട് സ്വാർഥതാല്പര്യങ്ങൾ സംരക്ഷിക്കുന്നവരാണ് ദുരിതങ്ങൾ വലിച്ചിഴയ്ക്കുന്നത്. സ്ത്രീധനത്തുക കുടുംബത്തിന് പുറത്തുപോകാതിരിക്കാനോ കുടുംബസ്വത്ത് അന്യന്റെ കൈകളിലെത്താതിരിക്കാനോ വേണ്ടിയാണ് അവർ മതശാസനകൾ ലംഘിക്കുന്നത്. ഫലമോ, നിത്യ ദുരിതമനുഭവിക്കാൻ വിധിക്കപ്പെട്ട ജന്മങ്ങളും. അല്ലാഹുവിന്റെ ക്രൂരതയെന്ന പഴിയും. വൈകല്യമുള്ളവരെ ചികിത്സിച്ചിട്ടെന്തു കാര്യം? ചികിത്സക്ക് ചെലവഴിക്കുന്ന പണം പോലും നഷ്ടമായിത്തീരുമെന്ന പൈശാചിക ചിന്തയാവുന്നു ചികിത്സയിൽ നിന്നും പിന്തിരിപ്പിക്കുന്ന ഒരു ഘടകം. ഇതും ഒരു വൈകല്യമത്രെ. ശാരീരിക വൈകല്യമുള്ളവരെ ചികിത്സിക്കേണ്ട ഇത്തരക്കാർ മാനസിക വൈകല്യമുള്ളവരായി മാറുന്നു.

## ദൈവത്തിന്റെ ക്രൂരത

ശാരീരിക വൈകല്യം ദൈവനിന്ദക്കുപയോഗിക്കുന്നവരുണ്ട്. ദൈവത്തെ മതം കാരുണ്യത്തിന്റെ നിറകുടമായിട്ടാണല്ലോ അവതരിപ്പിക്കുന്നത്. ദൈവം കാരുണ്യവാനാണെങ്കിൽ എന്തിനാണ് ഭൂമിയിൽ നിത്യദുരിതം കടിച്ചിറക്കാൻ വിധിക്കപ്പെട്ടുകൊണ്ട് ശാരീരിക വൈകല്യമുള്ളവരെ പടച്ചിരിക്കുന്നത്? ദൈവത്തിന്റെ ക്രൂരകൃത്യങ്ങളല്ലേ ഈ സൃഷ്ടിപ്പുകൾക്ക് കാരണം? ഇത്തരം ചോദ്യങ്ങൾ ദൈവവിശ്വാസികളല്ലാത്തവർ വിശ്വാസികളെ ചോദ്യം ചെയ്യാനുന്നയിക്കാറുണ്ട്.

ആരോഗ്യമുള്ള ശരീരം ഇടക്ക് വേദനിക്കാറുണ്ട്. കരുത്തുറ്റ മരത്തിന്റെ ചില്ലകൾ പൊട്ടാറുണ്ട്. നിശ്ചിത താളത്തിലോടുന്ന പ്രപഞ്ചത്തിൽ പ്രകൃതിദുരന്തങ്ങളുണ്ടാവാറുണ്ട്. ഇവയെല്ലാം ആത്യന്തിക പരിശോധനയിൽ അവയുടെ നിലനില്പിനു വേണ്ടിയാണെന്ന് കണ്ടെത്താൻ കഴിയും. ശരീരം വേദനിക്കുന്നത് ആ ഭാഗത്ത് അപകടം പിണഞ്ഞിരിക്കുന്നതുകൊണ്ടാണ്. അതുകൊണ്ട് അടിയന്തര സഹായം വേണമെന്ന സന്ദേശം കേന്ദ്രനാഡീവ്യൂഹത്തിലെത്തിക്കാനാകുന്നു. വേദനിച്ചതുകൊണ്ട് മാത്രമാണ് മുറിവനുഭവപ്പെട്ട ഭാഗത്തിനുവേണ്ടി കണ്ണ് ഉറക്കമൊഴിച്ചത്. വേദനയുള്ളതുകൊണ്ട് മാത്രമാണ് മുറിവുണ്ടായ ഭാഗത്ത് പുതിയ കോശങ്ങൾ വളരാനാവശ്യമായ രീതിയിൽ ശരീരത്തിന്റെ ഇതരഭാഗങ്ങൾ സഹകരിച്ച് പ്രവർത്തിച്ചത്. അതില്ലായിരുന്നുവെങ്കിൽ കുഷ്ഠരോഗിയുടെ ശരീരം പോലെ ശരീരാവയവങ്ങൾ പുഴുവരിച്ചു തീരും. കാരണം, അയാൾക്ക് വേദനയനുഭവപ്പെടാത്തതുകൊണ്ട് ആവശ്യമായ ചികിത്സ നല്കാൻ ശരീരത്തിന്റെ ഇതര ഭാഗങ്ങൾക്ക് കഴിയുന്നില്ല. എന്നാൽ ശരീരവേദനയെ സ്രഷ്ടാവിന്റെ ക്രൂരതയായി ചിത്രീകരിച്ച് അവനെ ചോദ്യം ചെയ്യുന്നത്

ബുദ്ധിപരമാണോ? ദൈവം കാരുണ്യവാനാണെങ്കിൽ എന്തിനാണ് ഭൂമിയിൽ വേദന തിന്നുകൊണ്ട് ഇഞ്ചിഞ്ചായി മരിക്കാൻ വിധിക്കപ്പെട്ട രോഗികളെ പടച്ചത് എന്നൊരാൾ ചോദിച്ചാൽ അതിലെ ബുദ്ധിശൂന്യത എത്രമാത്രമാണോ അതുപോലെത്തന്നെയാവുന്നു ശാരീരിക വൈകല്യങ്ങളുടെ പേരിൽ ദൈവകാരുണ്യത്തെ ചോദ്യം ചെയ്യുന്നതും. മനുഷ്യസമൂഹത്തെ ഒരു ശരീരം പോലെ സങ്കല്പിക്കുക. ശരീരത്തിന് വേദന അത്യന്താപേക്ഷിതമായതുപോലെ സമൂഹമെന്ന ശരീരത്തിന് വൈകല്യമുള്ളവരും പീഡിതരും ദുരിതമനുഭവിക്കുന്നവരും ദൗർബല്യമുള്ളവരും അവശ്യമാണെന്ന് കണ്ടെത്താൻ കഴിയും.

ദൈവത്തിന്റെ കാരുണ്യത്തെ ചോദ്യംചെയ്യുന്ന നിരീശ്വരവാദി തന്റെ മക്കളിൽ ഒരാളെ ഉന്നതപഠനം നല്കി ശാസ്ത്രജ്ഞനാക്കി. മറ്റൊരാളെ ഡോക്ടറും, മൂന്നാമനെ അധ്യാപകനുമാക്കി എന്ന് സങ്കല്പിക്കുക. മൂന്നാമൻ ഈ പ്രവർത്തനത്തിന്റെ പേരിൽ സ്നേഹനിധിയായ പിതാവിനെ ക്രൂരനെന്ന് ചിത്രീകരിക്കുന്നു. പിതാവ് ക്രൂരനായതുകൊണ്ടല്ലേ എന്നെ മാത്രം അധ്യാപകനാക്കിക്കൊണ്ട് മറ്റുള്ളവർക്കു മുമ്പിൽ എന്നെ ഇകഴ്ത്തിയത് എന്ന് ചിന്തിച്ചാൽ അത് ബുദ്ധിപരമാണോ? സമൂഹത്തിന്റെ നിലനില്പിന് മൂവരും ആവശ്യമാണെന്ന് തിരിച്ചറിയുന്നവർക്ക് പിതാവിന്റെ ചെയ്തിയെ ബുദ്ധിപരമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. മക്കളിലെ മൂന്നാമൻ അതുൾക്കൊള്ളണമെങ്കിൽ അവന് രചനാത്മക സമീപനം വേണമെന്നു മാത്രം. നിഷേധാത്മക ചിന്തയാണ് അവനെ നയിക്കുന്നതെങ്കിൽ പിതാവിനെ തള്ളിപ്പറയാൻ മാത്രമേ അതുപകരിക്കുകയുള്ളൂ. ഇതുപോലെ ശാരീരിക വൈകല്യവും ദൈവത്തിന്റെ കാരുണ്യവും ഉൾക്കൊള്ളാൻ രചനാത്മക സമീപനം പുലർത്തുന്നവർക്ക് മാത്രമേ കഴിയുകയുള്ളൂ.